# കേരള സർവകലാശാല

നം.പി.ആർ.35/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### ടൈംടേബിൾ

2020 ഫെബ്രുവരി 18 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ബി.എഡ് ഡിഗ്രി (മേഴ്സിചാൻസ് – 2004, 2013 സ്കീം) പരീക്ഷകൾ ഗവ.കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, തൈക്കാട്, കേരള യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, തേവള്ളി, കൊല്ലം എന്നീ പരീക്ഷാകേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നതാണ്. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാഫലം

2019 മേയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എ ജേർണലിസം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ ആന്റ് വീഡിയോ പ്രൊഡക്ഷൻ (2018 അഡ്മിഷൻ റെഗുലർ/2017 അഡ്മിഷൻ – ഇംപ്രൂവ്മെന്റ്/2013–2016 അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 24 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### അപേക്ഷ ക്ഷണിക്കുന്നു

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗാ ആന്റ് മെഡിറ്റേഷൻ ഈവനിംഗ് കോഴ്സിന് ഫെബ്രുവരി 29 വരെ അപേക്ഷിക്കാം. ഫീസ്: 6000/–, യോഗ്യത: പ്ലസ്ടു/പ്രീഡിഗ്രി, കാലാവധി: മൂന്ന് മാസം. അപേക്ഷാഫോമിന് എസ്.ബി.ടി യുടെ കേരള സർവകലാശാല ഓഫീസ് കാമ്പസിലുള്ള ബ്രാഞ്ചിൽ അക്കൗണ്ട് നമ്പർ 57002299878 ൽ 100 രൂപ അടച്ച രസീത് അല്ലെങ്കിൽ ഡയറക്ടർ, സി.എ.സി.ഇ.ഇ യുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 110 രൂപയുടെ ഡി.ഡി (എസ്.ബി.ടി/ഡി.സി.ബി) നൽകണം. തപാലിൽ വേണ്ടവർ ഡിമാന്റ് ഡ്രാഫ്റ്റിനൊപ്പം അഞ്ച് രൂപയുടെ തപാൽ സ്റ്റാമ്പ് പതിച്ച് മേൽവിലാസം എഴുതിയ കവർ സഹിതം ഡയറക്ടർ സി.എ.സി.ഇ, കേരള സർവകലാശാല, വികാസ് ഭവൻ പി.ഒ, പി.എം.ജി ജംഗ്ഷൻ, തിരുവനന്തപുരം – 33 എന്ന വിലാസത്തിൽ അപേക്ഷിക്കും. വിശദവിവരങ്ങൾക്ക്: 0471 – 2302523.

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം.
14.02.2020


**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**